ചേലക്കര മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ

118 (2837) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം നടന്നു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഇന്നത്തെ അവസ്ഥ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് പറയാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപും അതിന് ശേഷവും ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക എത്രയാണ് ;

(ഇ) ഈ പദ്ധതിയുടെ കാലാവധി എത്രയാണ് ;

(എഫ്) ഈ മണ്ഡലത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എത്രയും വേഗം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നാം നില കോൺക്രീറ്റ് പണികൾ പൂർത്തിയായി. രണ്ടാം നില നിർമ്മാണം പുരോഗതിയിലാണ്. 50 ശതമാനം നിർമ്മാണം പൂർത്തിയായി.

(സി) 48,63,503 രൂപ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് തുകയൊന്നും അനുവദിച്ചിട്ടില്ല. അധികാരത്തിൽ വന്നതിനുശേഷം 12,32,401 രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) 12 മാസം.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

പീരുമേട് മണ്ഡലത്തിലെ മരാമത്ത് പണികൾ

119 (2838) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തി വരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർക്കിന്റെയും വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ചുള്ള ഫയലുകൾ എവിടെയെല്ലാം ഏതെല്ലാം നമ്പരുകളിൽ നിലവിലുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ;

(ഡി) ഓരോ വർക്കും ആരുടെയെല്ലാം മേൽനോട്ടത്തിൽ നടത്തുന്നു എന്ന് പദവി തിരിച്ച് ലിസ്റ്റ് വെളിപ്പെടുത്തുമോ ;

(ഇ) ഓരോ പണികളുടെയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) റോഡുകളും പാലങ്ങളും വിഭാഗം താഴെ പറയുന്ന പണികൾ ഏറ്റെടുത്ത് നടത്തിവരുന്നു. പണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

I (a) പീരുമേട് ദേവികുളം റോഡിന്റെ കിലോമീറ്റർ 0/00 മുതൽ 3/00 വരെ പണികൾ അഭിവൃദ്ധിപ്പെടുത്തൽ.

(b) പീരുമേട് ദേവികുളം സംസ്ഥാന ഹൈവേയുടെ പണികൾ അഭിവൃദ്ധിപ്പെടുത്തുന്നതുമായി സംബന്ധിച്ച്.

II (a) പീരുമേട് ദേവികുളം റോഡിന്റെ കിലോമീറ്റർ 3/00 മുതൽ 4/00 വരെയുള്ള പണികൾ ത്വരിതപ്പെടുത്തൽ.

(b) പീരുമേട് ദേവികുളം സംസ്ഥാന ഹൈവേയുടെ പണികൾ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെടുത്തി.

III (a) എറണാകുളം തേക്കടി റോഡിന്റെ മൂന്നാമത്തെ റീച്ച് ആയ വാഗമൺ വില്ലേജ് ആഫീസ് മുതൽ പാറക്കെട്ടിവരെയുള്ള 1.340 കിലോമീറ്റർ റോഡിന്റെ പണികൾ അഭിവൃദ്ധിപ്പെടുത്തൽ.

(b) സംസ്ഥാന ഹൈവേയുടെ പണി ത്വരിതപ്പെടുത്തൽ.

IV (a) ഗ്ലെൻമേരി റോഡിന്റെ കിലോമീറ്റർ 0/00 മുതൽ 8/600 വരെയുള്ള പണികൾ അഭിവൃദ്ധിപ്പെടുത്തൽ

(b) എം.ഡി.ആർ. റോഡ് അഭിവൃദ്ധിപ്പെടുത്തൽ.

V (a) പീരുമേട് ദേവികുളം റോഡിൽ 9-ാം കിലോമീറ്റർ കരിന്തിരി ചപ്പാത്തിൽ ക്രോസ്സ് വേ പണിയുക.

(b) പീരുമേട് ദേവികുളം റോഡിൽ സ്റ്റേറ്റ് ഹൈവേയിലുള്ള പാലത്തിന്റെ പണി പുരോഗതിയിലാണ്.

VI (a) കട്ടപ്പന കുമളി റോഡിൽ 69-ാം കിലോമീറ്ററിലുള്ള പാലത്തിന്റെ വീതികൂട്ടുന്ന പണി.

(b) സംസ്ഥാന ഹൈവേയുടെ പണി ത്വരിതപ്പെടുത്തുക.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

VII (a) വണ്ടിപ്പെരിയാർ മുഴിയാർ റോഡിന്റെ കിലോമീറ്റർ 12/00 മുതൽ 20/200 വരെയുള്ള പണികൾ അഭിവൃദ്ധിപ്പെടുത്തുക.

(b) എം.ഡി.ആർ. റോഡ് അഭിവൃദ്ധിപ്പെടുത്തുക.

കെട്ടിടവിഭാഗത്തെ സംബന്ധിച്ചും ദേശീയപാതയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ

120 (2839) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ എത്ര സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര എണ്ണത്തിന് സ്വന്തം കെട്ടിടം ഉണ്ടെന്നും എത്ര എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നും വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച്, ഒരു റവന്യൂ ടവർ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വടക്കാഞ്ചേരിയിൽ ഒരു റവന്യൂ ടവർ നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 36 സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അർദ്ധസർക്കാർ ഓഫീസുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) സർക്കാർ ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിലുള്ള സർക്കാർ ഓഫീസുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പരിഗണനയിലുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലുണ്ട്.

പുനലൂരിൽ മിനി സിവിൽ സ്റ്റേഷൻ

121 (2840) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്നറിയിക്കാമോ; അതിന്റെ എസ്റ്റിമേറ്റ് എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly